"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

എല്ലാ ജില്ലയിലും, ശുചിത്വ പദവി നേടിയ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ, തദ്ദേശ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ ഹരിത സഹായ കേന്ദ്രങ്ങൾ (Green Facilitation Centre) പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt) No.464/2021/LSGD തീയതി,തിരുവനന്തപുരം, 17/02/2021

പരാമർശം:- 1 15.07.2017-ലെ GO(Rt) No.2420/2017/LSGD നമ്പർ ഉത്തരവ്

2 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.12..2020-ലെ 1071/E2/2020/SM നമ്പർ കത്ത്

ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ് തല പ്രവർത്തനം നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്ന സംഘടനാ സംവിധാനമാണ് ഹരിതകർമ്മ സേന.

2. ഹരിത കർമ്മ സേന മുഖേന ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിനും പരിപാലിക്കുന്നതിനും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്) എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ ഒരു കുടക്കീഴിൽ എത്തിക്കുന്നതിനും, ഹരിത കർമ്മ സേനയെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനും, വരുമാന സ്ഥിരത ഉറപ്പാക്കുന്നതിനുമായി ഹരിത കർമ്മ സേനയ്ക്ക് ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ എന്ന പേരിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തന കേന്ദ്രം ആരംഭിക്കുന്നതിന് ഹരിത കേരള മിഷനുമായി ചർച്ച ചെയ്ത് ഒരു പദ്ധതി രേഖ തയാറാക്കി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു.

3. എല്ലാ ജില്ലയിലും ശുചിത്വ പദവി നേടിയ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ ഹരിത സഹായ കേന്ദ്രങ്ങൾ (Green Facilitation Centre) പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത കേന്ദ്രങ്ങൾ അതാത് തദ്ദേശ സ്ഥാപനത്തിന്റെ അധീനതയിൽ പ്രവർത്തിക്കേണ്ടതാണ്. ഹരിത സഹായ കേന്ദ്രങ്ങൾ (Green Facilitation Centre) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി രേഖ ഇതോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE M
DEPUTY SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ

File No.LSGD-DC1/544/2020-LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Banikumar

സെക്ഷൻ ഓഫീസർ,

പകർപ്പ്:-

തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

അനുബന്ധം

## ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ (ജി.എഫ്.സി )

### 1. ആമുഖം

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹരിതകേരളം മിഷൻ-ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നിരവധിയായ മാതൃകാ മാലിന്യ പരിപാലന പദ്ധതികൾ സംസ്ഥാനത്താകമാനം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. അഴുകുന്നതും അഴുകാത്തതുമായ മാലിന്യങ്ങളുടെ പരിപാലനം, സംസ്കരണം, ദ്രവമാലിന്യ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 899 എണ്ണത്തിൽ ഹരിതകർമ്മ സേനയും, 638 മിനി എം.സി.എഫുകളും, 937 എം.സി.എഫുകളും, 170 ആർ.ആർ.എഫുകളും, 8 ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. ഇതിനോടകം 597 ഗ്രാമപഞ്ചായത്തുകളും 63 നഗരസഭകളും ശുചിത്വ പദവിയിലേക്ക് എത്തുകയും ചെയ്തിട്ടുണ്ട്. അഴുകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതും അഴുകാത്ത വസ്തുക്കൾ തരംതിരിച്ച് വൃത്തിയാക്കി ഹരിതകർമ്മസേന മുഖാന്തിരം പുന:ചംക്രമണ പ്രവർത്തനങ്ങൾക്ക് വിധേയമാക്കുന്നതുമായ പ്രവർത്തനമാണ് ഇതിൽ മുഖ്യം. ഇതിന്റെ ഭാഗമായി പൊതുജനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും, നിരന്തര ഇടപെടലിലൂടെ ഹരിതകർമ്മസേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിനുമാണ് തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഏകോപന കേന്ദ്രമായി ഗ്രീൻഫെസിലേറ്റഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നത്. മാലിന്യ സംസ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ഒരു കുടക്കീഴിലാക്കുന്നതിനും ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകളിലൂടെ (ജി.എഫ്.സി) ലക്ഷ്യമിടുന്നു. ഉറവിട ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തനം നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും അവ വാങ്ങുന്നതിനുമുള്ള സംവിധാനം ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകളിൽ (ജി.എഫ്.സി.) ഉണ്ടായിരിക്കുന്നതാണ്. ഹരിത സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് ഇതര സേവനങ്ങളും ലഭ്യമാക്കുന്ന തരത്തിൽ ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കും.

### 2. പദ്ധതിയുടെ പേര്

ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ (ജി.എഫ്.സി)

### 3. എന്താണ് ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ (ജി.എഫ്.സി)

ഹരിത കേരളം ലക്ഷ്യമിട്ട് ആരംഭിച്ചിരിക്കുന്ന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ജനങ്ങൾക്ക് ആവശ്യമായ ഹരിത സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സേവനങ്ങൾ പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള ഒരു സ്ഥാപന സംവിധാനമാണ് ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ. ഹരിതകർമ്മസേനയുടെ നേതൃത്വത്തിലായിരിക്കും ഈ സ്ഥാപനം പ്രവർത്തിക്കുക.

ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കാൻ കഴിയും.

1. ഗ്രീൻപ്രോട്ടോക്കോൾ പാലനത്തിന് ആവശ്യമായ സേവനം ലഭ്യമാക്കൽ.
2. ഉറവിട ജൈവമാലിന്യ സംസ്കരണ ഉപാധികൾ ലഭ്യമാക്കൽ, അറ്റകുറ്റപ്പണികൾ/റിപ്പയറിംഗ്, വിപണനം, ഉപയോഗ രീതി, സ്ഥാപിക്കൽ, ഇനോക്കുലം ഉൾപ്പെടെ ലഭ്യമാക്കൽ.
3. ജൈവമാലിന്യത്തിൽനിന്നും കമ്പോസ്റ്റ് (ജൈവ വളം) വളം ഉല്പാദിപ്പിച്ച കർഷകർക്ക് ലഭ്യമാക്കൽ.
4. പ്രകൃതി സൗഹൃദ വസ്തുക്കളുടെ വിപണനം.
5. ഇതര ഹരിത സാങ്കേതിക വിദ്യാധിഷ്ഠിതമായ സേവനങ്ങൾ ലഭ്യമാക്കുക. (ഉദാ: സോളാർ യൂണിറ്റ്, കിണർ റീ-ചാർജ്ജ്, ജൈവ കൃഷി സേവനം തുടങ്ങിയ വ്യത്യസ്ത സേവനങ്ങൾ ലഭ്യമാക്കുക.
6. ഇലക്ട്രോണിക്/ഇലക്ട്രിക്കൽ റിപ്പയർ യൂണിറ്റ്
7. വിവരവിജ്ഞാന വ്യാപന ശേഷി വികസന പ്രവർത്തനങ്ങളുമുൾപ്പെടെയുള്ള പരിപാടികൾ താഴെ തട്ടിൽ എത്തിക്കുക.

## 4. ലക്ഷ്യം

1. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും വളരെ വേഗത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തന്നെ ഹരിതകർമ്മസേനയുടെ മേൽ നോട്ടത്തിൽ ഒരു പ്രവർത്തന കേന്ദ്രം രൂപപ്പെടുത്തുക.
2. ഉറവിട ജൈവ മാലിന്യ സംസ്കരണ ഉപാധികളും, പ്രകൃതി സൗഹൃദ വസ്തുക്കളും, വിവര വിജ്ഞാന വ്യാപന ശേഷീവികസന പ്രവർത്തനങ്ങളും ഉൾപ്പെടെയുള്ള സേവനങ്ങൾ ബിസിനസ് മാതൃകയിൽ പൊതുജനങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രൊഷണൽ യൂണിറ്റാക്കി ഹരിതകർമ്മസേനയെ മാറ്റുക.
3. 2020- 21, 2021- 22 വർഷത്തിലായ് ശുചിത്വ പദവി നേടിയ മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ നിർമ്മിക്കുക.

## 5. ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകളുടെ (ജി.എഫ്.സി) നിർമ്മാണ രീതി

- കുറഞ്ഞത് 500 മുതൽ 800 sqft വിസ്തീർണ്ണമെങ്കിലും ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾക്കുണ്ടാകണം
- മാതൃകാ ഡിസൈനും ലേ ഔട്ടും അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്
- തദ്ദേശസ്വയംഭരണ വകുപ്പ് സാങ്കേതിക വിഭാഗം മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നിർവഹിക്കാവുന്നതാണ്.
- സെമി പെർമനൻറ്/ പ്രീഫാബ് ടെക്നോളജി ഉപയോഗപ്പെടുത്തി കുറഞ്ഞ ചെലവിൽ പ്രകൃതി സൗഹൃദ നിർമ്മാണ രീതി അവലംബിക്കാവുന്നതാണ്.
- ശുചിത്വ മിഷന്റെ വിവര-വിജ്ഞാന-വ്യാപന-ശേഷീ വികസന പ്രവർത്തനങ്ങളുടെ ഭാഗമായോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായോ ജി.എഫ്.സി.കൾ നിർമ്മിക്കാവുന്നതാണ്.

**6. ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകളിൽ (ജി.എഫ്.സി) ഒരുക്കേണ്ട സജ്ജീകരണങ്ങൾ**

- ഓഫീസ് ക്യാബിൻ
- ശുചിത്വ മിഷൻ സേവനദാതാക്കളുമായും അക്രഡിറ്റഡ് ഏജൻസികളുമായും സഹകരിച്ച് കൊണ്ട് എല്ലാത്തരം ഉറവിട ജൈവ മാലിന്യ സംസ്കരണ ഉപാധികളും സ്ഥാപിക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ
- മാലിന്യ സംസ്കരണ ഉപാധികൾ, ഉപകരണങ്ങൾ, ജൈവവളം, പ്രകൃതി സൗഹൃദ വസ്തുക്കൾ എന്നിവയുടെ വിൽപന, യൂസർഫീ ശേഖരണം എന്നിവയ്ക്കായി കൗണ്ടർ സജ്ജീകരിക്കൽ
- ഗ്രീൻപ്രോട്ടോക്കോൾ യൂണിറ്റിന്റെ ഉത്പന്നങ്ങൾ, പ്രകൃതി സൗഹൃദ പാത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനം
- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ബോധവത്കരണ സാമഗ്രികൾ, പ്രിന്റഡ് മെറ്റീരിയൽസ് മുതലായവ സൂക്ഷിക്കുന്നതിനും പൊതുജനങ്ങൾക്ക് വായനക്ക് ലഭ്യമാക്കുന്നതിനും, വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനം.
- ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനാവശ്യമായ മൈക്ക്സെറ്റ്, സൗണ്ട് ബോക്സ്, പ്രൊജക്ടർ, സ്ക്രീൻ, ഇലക്ട്രിക് കണക്ഷൻ തുടങ്ങിയ സംവിധാനങ്ങൾ
- ജി.എഫ്.സിയിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച ബോർഡും നിരക്കും.
- മാലിന്യ സംസ്കരണ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുമ്പോൾ പങ്കെടുക്കുന്നവർക്കുള്ള ഇരിപ്പിട സൗകര്യം
- ഹാൻഡ് വാഷ്, സാനിറ്റൈസർ തുടങ്ങിയ സംവിധാനങ്ങൾ
- ഫെസിലിറ്റേഷൻ സെന്റർ രാവിലെ 9 മണിമുതൽ വൈകിട്ട് 6 മണിവരെ പ്രവർത്തിപ്പിക്കുന്നതിന് പ്രത്യേകമായി ഒരു ഹരിത കർമ്മസേനാംഗത്തെ നിയോഗിക്കൽ
- ശുചിമുറി
- ഹരിത സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സേവനങ്ങൾ നൽകാൻ പാകത്തിൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് നൈപുണ്യ വികസനം നൽകി നിയോഗിക്കൽ.

**7. നടത്തിപ്പ്**

അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കുടുംബശ്രീ മുഖേന രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേന യൂണിറ്റിനായിരിക്കും ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററു (ജി.എഫ്.സി) കളുടെ നടത്തിപ്പ് ചുമതല.

## 8. നിർമ്മാണവും നടത്തിപ്പും

8.1. ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകളുടെ (ജി.എഫ്.സി) നിർമ്മാണം, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, എന്നിവ അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ക്കായിരിക്കും

8.2. ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററിന്റെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല ഹരിതകർമ്മസേന കൺസോർഷ്യത്തിനായിരിക്കും. ഇതിൽനിന്നുള്ള വരുമാനം ഹരിതകർമ്മസേനയുടെ കൺസോർഷ്യത്തിന്റെ അക്കൗണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

## 9. രൂപീകരണ സമീപനം

രണ്ട് ഘട്ടങ്ങളിലായിട്ടായിരിക്കും ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ (ജി.എഫ്.സി) കളുടെ നിർമ്മാണം

1.ആദ്യഘട്ടത്തിൽ :- ഓരോ ജില്ലയിൽ നിന്നും മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ ഏറ്റവും മികവ് തെളിയിച്ചിട്ടുള്ളതും ശുചിത്വ പദവി നേടിയിട്ടുള്ളതുമായ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തെ തെരഞ്ഞെടുത്ത് 14 ജില്ലകളിലും ഓരോ ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ (ജി.എഫ്.സി) വീതം പൈലറ്റ് അടിസ്ഥാനത്തിൽ സ്ഥാപിക്കുക. ഇതിനുള്ള ഗ്രാമപഞ്ചായത്ത്/നഗരസഭയെ ജില്ലാ ഏകോപനസമിതി കൂടി ശുചിത്വ-മാലിന്യ രംഗത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കണം.

- പൈലറ്റ് പദ്ധതിക്കുള്ള ചെലവു തുക പൂർണ്ണമായും ശുചിത്വ മിഷന്റെ വിവര വിജ്ഞാന വ്യാപന ശേഷി വികസന ഫണ്ടിൽ നിന്നും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിനും സാങ്കേതിക അനുമതിക്കും വിധേയമായി കൈമാറുന്നതായിരിക്കും.

2. രണ്ടാം ഘട്ടത്തിൽ :- ശുചിത്വ പദവി ലഭിച്ചിട്ടുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, ശുചിത്വ മിഷൻ /സ്വച്ഛ് ഭാരത് മിഷൻ വിഹിതം എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററു (ജി.എഫ്.സി) കളുടെ നിർമ്മാണം ആരംഭിക്കും.

## 10. ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകളിൽ (ജി.എഫ്.സി) നിന്നും ലഭ്യമാക്കാവുന്ന സേവനങ്ങൾ

- എല്ലാത്തരം ഉറവിട ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെയും പ്രർത്തന മാതൃക ഉൾപ്പെടുത്തി അവയുടെ പ്രവർത്തന രീതി, പരിപാലനം, തകരാറുകൾ പരിഹരിക്കൽ, എന്നിവ പൊതുജനങ്ങളെ പഠിപ്പിക്കുന്നതിനുള്ള സൗകര്യം.
- എല്ലാത്തരം ഉറവിട ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെയും വിപണനം
- ഉറവിട ജൈവമാലിന്യ സംസ്കരണ ഉപാധികളിൽ ഉപയോഗിക്കുന്നതിനുള്ള ഇനോക്കുലത്തിന്റെ യും ഉപകരണങ്ങളുടേയും വിപണനം

- തുണി സഞ്ചി, തുണി മാസ്കുകളുടെ വിപണനം, മറ്റ് പ്രകൃതി സൗഹൃദ ഉത്പന്നങ്ങളുടെ വിപണനം.
- ഗ്രീൻ പ്രോട്ടോക്കോൾ യൂണിറ്റിന്റെ ഭാഗമായി കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പാത്രങ്ങളുടെ വിതരണം
- ഗ്രീൻ പ്രോട്ടോക്കോൾ ഇവൻറ് മാനേജ്മെൻറ് ഗ്രൂപ്പിന്റെ പ്രവർത്തനം
- അഴുകാത്ത പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്ന രീതി സംബന്ധിച്ച പ്രവർത്തന മാതൃക പരിചയപ്പെടുത്തൽ (ഡെമൺസ്ട്രേഷൻ)
- തരംതിരിച്ച പാഴ്വസ്തുക്കളുടെ വിപണി മൂല്യം സംബന്ധിച്ച വിവര ദായക ബോർഡുകൾ
- ജൈവവള വിപണനം (കമ്പോസ്റ്റ്/സ്ലറി തുടങ്ങിയവ)
- പ്രകൃതി ദത്ത അണുനാശിനികളുടെ വിപണനം
- ഉപയോഗിച്ചതും പുനരുപയോഗിക്കാവുന്നതുമായ വസ്തുക്കളുടെ വിപണനം (സ്വാപ്പ് ഷോപ്പ്)
- റിപ്പയർ വർക്കുകൾ (റിപ്പയർ ഷോപ്പ്)
- യൂസർഫീ ശേഖരണ കൗണ്ടർ
- ബോധവത്കരണ ലഘുലേഖകളുടെ വിതരണം
- ശുചിത്വ വീഡിയോകളുടെയും ലഘുലേഖകളുടെയും പ്രദർശനവും സോഫ്റ്റ് കോപ്പി വിതരണവും
- പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ പ്രത്യേക ബോധവത്കരണ പരിപാടികൾ (ഉദാ: ലോക പരിസ്ഥിതി ദിനം, ഭൗമദിനം, ജലദിനം, വനദിനം, കാലാവസ്ഥാ ദിനം, ഗാന്ധിജയന്തി, സ്വാതന്ത്ര്യ ദിനം, റിപ്പബ്ളിക്ക് ദിനം, ശുചി മുറിദിനം തുടങ്ങിയ ദിനങ്ങളിലെ ബോധവത്കരണ പരിപാടികൾ)
- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിവര-വിജ്ഞാന-വ്യാപന ശേഷീ വികസന പ്രവർത്തനങ്ങളുടെ കേന്ദ്രമായി പ്രവർത്തിക്കുന്നു.
- ഉത്സവങ്ങൾക്കും മേളകൾക്കും മാലിന്യ പരിപാലന സംവിധാനങ്ങൾ ഉൾപ്പെടുത്തി എക്സിബിഷൻ ഒരുക്കുന്നതിനുള്ള സംവിധാനം
- മറ്റ് പ്രകൃതി സൗഹൃദ വസ്തുക്കളുടെ വിപണനം
- സോളാർ എനർജിയുമായി ബന്ധപ്പെട്ട സേവനങ്ങൾ
- കിണർ റീചാർജ്ജിംഗ്/ശുചീകരണം
- അണുനശീകരണ സേവനം

## 11. ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ ഭൗതിക സൗകര്യം

- ഓഫീസ്
- സ്റ്റോറേജ്
- എക്സിബിഷൻ
- സെമിനാർ ഇടം
- ടോയ്ലെറ്റ് /ശുചിമുറി (ജീവനക്കാർക്ക്)

- പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള മികച്ച ടോയ്‌ലെറ്റ് സൗകര്യം.

## 12. ചുമതലകൾ

### a) തദ്ദേശസ്വയംഭരണ സ്ഥാപനം

- ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് പൊതുജന സഹകരണം കൂടുതൽ ലഭ്യമാകുന്ന സ്ഥലം കണ്ടെത്തുക.
- സാങ്കേതിക വിഭാഗം വഴി നിർമ്മാണം പൂർത്തീകരിക്കുക.
- ഹരിതകർമ്മസേനാ കൺസോർഷ്യം ഭാരവാഹികൾക്ക് ശുചിത്വ മിഷൻ സഹകരണത്തോടെ പരിശീലനം നൽകി ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററു (ജി.എഫ്.സി) കളുടെ നടത്തിപ്പിന് നിയോഗിക്കൽ
- ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകളുടെയും ഹരിതകർമ്മ സേനകളുടെയും പ്രവർത്തന ഏകോപനം
- വിപണന പ്രക്രിയയിൽ പ്രോത്സാഹനവും, സഹായവും ലഭ്യമാക്കൽ
- ശുചിത്വ മിഷനിൽ പദ്ധതി സമർപ്പിച്ച് അംഗീകാരവും ഫണ്ടും നേടിയെടുക്കൽ
- നിർമ്മാണത്തിന് മറ്റ് ധനസ്രോതസുകൾ കണ്ടെത്തൽ
- തുടർ പ്രവർത്തനവും സുസ്ഥിരതയും ഉറപ്പാക്കൽ

### b) ശുചിത്വ മിഷൻ

- ഹരിതകർമ്മസേനക്ക് നൈപുണ്യ വികസന പരിശീലനം നൽകി ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ (ജി.എഫ്.സി) നടത്തിപ്പിന് സജ്ജമാക്കൽ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയെക്കുറിച്ച് നിർദ്ദേശം നൽകി, പദ്ധതി ആസൂത്രണം, രൂപീകരണം നടത്തിപ്പ് എന്നിവ സാധ്യമാക്കൽ
- സാങ്കേതിക സാമ്പത്തിക സഹായം യഥാസമയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകൽ
- അതാത് സമയങ്ങളിൽ തടസ്സങ്ങൾ നീക്കുന്നതിന് നടപടി സ്വീകരിക്കൽ
- പദ്ധതി സംബന്ധിച്ച വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ
- സേവനദാതാക്കളുടെയും അക്രഡിറ്റഡ് ഏജൻസികളുടെയും സേവനം ഹരിതകർമ്മ സേനക്ക് ലഭ്യമാക്കൽ
- സർക്കാർ നിർദ്ദേശങ്ങൾ യഥാസമയം ലഭ്യമാക്കൽ
- മികച്ച ജി.എഫ്.സി കൾക്ക് അനുമോദനവും അംഗീകാരവും നൽകൽ

### c) കുടുംബശ്രീ മിഷൻറേയും ഹരിതകർമ്മസേനയുടെയും ചുമതലകൾ

- ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകളുടെ നടത്തിപ്പ് പ്രൊഫഷണൽ മാതൃകയിൽ സംരംഭമാക്കി മാറ്റുന്നതിന് വേണ്ട പിന്തുണാ സംവിധാനം ഒരുക്കുക
- ഹരിതകർമ്മ സേനയുടെ മേൽനോട്ട നിർവ്വഹണം നടത്തുക

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ശുചിത്വ മിഷനുമായും ബന്ധപ്പെട്ട് ആവശ്യമായ പിന്തുണാ സംവിധാനം ഒരുക്കി കൊടുക്കുക
- ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററു (ജി.എഫ്.സി) കളെ കുടുംബശ്രീ മിഷന്റെ ഭാഗമാക്കി നിലനിർത്തി പരിപാലിച്ച് വരുമാനദായക പദ്ധതിയാക്കി മാറ്റുക
- ഹരിതകർമ്മസേനയുടെ പ്രവർത്തന ആസ്ഥാനമാക്കി ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകളെ മാറ്റുക.

### d) ഹരിതകേരളം മിഷന്റെ ചുമതല

- വിവിധ ഹരിത സാങ്കേതിക വിദ്യാധിഷ്ഠിതമായ സേവനങ്ങളുമായി ബന്ധപ്പെട്ട വ്യത്യസ്ത ഏജൻസികളുടെ സേവന ലഭ്യതയ്ക്കാവശ്യമായ ഏകോപനം.
- ജില്ലാതല ഏകോപന സമിതി ചേർന്ന് പൈലറ്റ് പദ്ധതിക്കായുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുക
- ത്രിതല പഞ്ചായത്തുകളേയും നഗരസഭാ കോർപ്പറേഷനുകളേയും ഏകോപിപ്പിച്ച് പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുക
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതത്തിൽ നിന്നും ജി.എഫ്.സി നിർമ്മാണത്തിന് തുക കണ്ടെത്തുന്നതിനും പദ്ധതി വയ്ക്കുന്നതിനും ചെലവഴിക്കു ന്നതിനുമാവശ്യമായ സർക്കാർ ഉത്തരവുകളും, ഐ.കെ.എം. സോഫ്റ്റ് വയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കൽ
- ഏകോപനവും മോണിട്ടറിംഗും നടത്തുക

### e) ക്ലീൻകേരള കമ്പനിയുടെ ചുമതലകൾ

- ജി.എഫ്.സി കളിൽ അഴുകാത്ത പാഴ്വസ്തുക്കളുടെ തരംതിരിക്കൽ ഡെമോൺസ്ട്രേഷൻ എന്നിവ ഒരുക്കുന്നതിന് സഹായം ലഭ്യമാക്കുക
- പാഴ് വസ്തുക്കൾ തരംതിരിക്കൽ സംബന്ധിച്ച ബോധവത്കരണ പ്രവർത്തനങ്ങളിൽ സഹായ സഹകരണങ്ങൾ ലഭ്യമാക്കുക.
- ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകളെ ക്ലീൻ കേരള കമ്പനിയുമായി ബന്ധപ്പെട്ട് വ്യത്യസ്ത സേവനങ്ങളുടെ പ്രാദേശിക നോഡൽ സെന്ററായി പ്രയോജനപ്പെടുത്തൽ.

## 13. ധനം

- ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് ചെലവ് വരുന്ന ഏകദേശ ചെലവ് തുക 8 ലക്ഷമാണ്.
- പൈലറ്റ് പദ്ധതി നടത്തിപ്പിനാവശ്യമായ തുക ശുചിത്വ മിഷൻ പദ്ധതികളുടെ വിവര വിജ്ഞാന വ്യാപന ശേഷിവികസന ഘടകങ്ങളിൽ നിന്നും വകയിരുത്താവുന്നതാണ്.
- രണ്ടാം ഘട്ട പദ്ധതി വ്യാപനത്തിന് ആവശ്യമായ തുക ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ട 10/15% തുകയിൽ നിന്നും കണ്ടെത്താവുന്നതാണ്.
- ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ

- എം.എൽ.എ,, എം.പി. മാരുടെ പ്രാദേശിക വികസന/ ആസ്തി വികസന ഫണ്ടുകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

## 14. പ്രതീക്ഷിത നേട്ടങ്ങൾ

- പ്രാദേശികമായി ഹരിത സാങ്കേതിക സേവനങ്ങൾ ലഭ്യമാക്കുന്ന പ്രാദേശിക നോഡൽ കേന്ദ്രം.
- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കണ്ണായ പ്രദേശത്തേക്ക് ഹരിതകർമ്മ സേനയുടെ പ്രവർത്തനം കേന്ദ്രീകരിക്കുന്നതിനും അതിലൂടെ ജനശ്രദ്ധ പിടിച്ചു പറ്റുന്നതിനും സാധിക്കും.
- ഉറവിടജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഇനോക്കുലം, വളം, ഗ്രീൻ പ്രോട്ടോക്കോൾ യൂണിറ്റ് നടത്തിപ്പ്, അണു നശീകരണം, പ്രകൃതി സൗഹൃദ വസ്തുക്കളുടെ വിപണനം, പ്രകൃതി ദത്ത അണുനാശിനികളുടെ വിപണനം, എന്നിവയുടെ വിപണനത്തിലൂടെ അധിക വരുമാന സാധ്യതകൾ ഉയർത്തുന്നതും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നൂതന സംരംഭ വികസനവും സാധ്യമാകും.
- ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും വിവര വിജ്ഞാന വ്യാപന ശേഷി വികസന പ്രവർത്തനങ്ങളുടെ കേന്ദ്രമായി പ്രവർത്തിക്കുന്നതിന് സാധിക്കും
- പ്രൊഷണൽ മാതൃകയിൽ ഓഫീസ് സേവന സംവിധാനങ്ങൾ രൂപപ്പെടുന്നത് പൊതുജനങ്ങളിൽ ഹരിതകർമ്മസേനയെ കുറിച്ചുള്ള മതിപ്പ് വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും.
- ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഹെൽപ്പ്ഡെസ്ക്ക് ആയി പ്രവർത്തി ക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട വിഷയത്തിൽ എപ്പോഴും സമീപിക്കാവുന്ന കേന്ദ്രമായി ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ (ജി.എഫ്.സി) മാറും
- വിദ്യാർത്ഥികളേയും യുവജനങ്ങളേയും സംഘടിപ്പിച്ച് നടത്തുന്ന പൊതുജന വിവര വിജ്ഞാന വ്യാപന, വിദ്യാഭ്യാസ പരിപാടികളിലൂടെ ശുചിത്വ സംസ്കാരമുള്ള യുവതലമുറയെയും ഹരിത മനസ്സുകളെയും സൃഷ്ടിക്കുന്നതിന് സാധിക്കും.

Annexure

## Green Facilitation Centre (GFC)

